ആ സ്ഥിതിയൊന്നും കാണുന്നില്ല. പോലീസ് സ്റ്റേഷൻ ആക്രമിക്കാൻ തന്നെ ഈ വിദ്വാന്മാർ ചെന്നിട്ട് പോലീസ് സ്ട്രെങ്ത്ത് സ്റ്റേഷൻ സംരക്ഷിക്കാൻ വേണ്ടി ഉള്ളതുകൊണ്ട് ആക്രമണം നടത്തിയില്ല. പിന്നെപോയി ട്രാൻസ്പോർട്ടിനെ കല്ലെറിയുകയും മറ്റുമൊക്കെയാണ് അവർ ചെയ്തത്. അപ്പോൾ പോലീസിന്റെ നിലപാട് കുറച്ചുകൂടി കർശനമായും പക്ഷപാതപരമല്ലാതെയും..... കേന്ദ്രത്തിൽ ബി.ജെ.പി. ഭരിക്കുന്നു എന്നുള്ള അഹന്തയോടുകൂടിയുള്ള ഒരു സമീപനം അവർക്കുണ്ട്. അത് മനസ്സിലാക്കി കുറച്ചുകൂടി കർശനമായ നിലപാട് സ്വീകരിക്കണമെന്നുള്ളതാണ് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്.

III. ശ്രദ്ധക്ഷണിക്കൽ

(1) കായികതാരങ്ങൾക്ക് ജോലി സംവരണം

ശ്രീ. രാജു എബ്രഹാം: വളരെ പ്രധാനപ്പെട്ട വിഷയമാണ്. ഞാൻ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. കായിക താരങ്ങളോട് ഗവൺമെന്റ് ചിറ്റമ്മ നയം പുലർത്തുന്നു എന്നുള്ളതാണ് കാളിംഗ് അറ്റൻഷനിലൂടെ ഞാൻ ഉന്നയിക്കുന്ന കാര്യം. 1980-ൽ കേരളത്തിന്റെ കായിക രംഗത്തെ സംബന്ധിച്ചിടത്തോളം സുവർണ്ണ കാലഘട്ടമായിരുന്നു. കെ.എസ്.ഇ.ബി., പോലീസ്, കെ.എസ്.ആർ.ടി.സി. ടൈറ്റാനിയം, എഫ്.എ.സി.ടി. തുടങ്ങി വോളിബോൾ, ഫുട്ബോൾ, ബാസ്ക്കറ്റ്ബോൾ, നീന്തൽ, അത്ലറ്റിക് ഈ രംഗങ്ങളിലൊക്കെ ജിമ്മി ജോർജും, ടി.സി. യോഹന്നാനും, സുരേഷ് ബാബുവും അടക്കം നമ്മുടെ രാജ്യത്തിന്റെ യശസ്സ് ലോകത്തിനുമുന്നിൽ എത്തിച്ചു. പിന്നെ പി. ടി. ഉഷയും, ഷൈനി വിൽസണും ഒക്കെ തുടർന്നു. ഇന്നത്തെ അവസ്ഥ എടുത്താൽ 1990-91-ന് ശേഷം കേരള പോലീസിൽ കായിക താരങ്ങളെ സ്പോർട്സ് കാട്ടയിൽ എടുത്തിട്ടില്ല. കായിക താരങ്ങൾക്കുതന്നെ 'വളരെ ബുദ്ധിമുട്ടുനേരിടുന്നു എന്നുള്ളതാണ് ഇപ്പോൾ അറിയാൻ കഴിഞ്ഞിട്ടുള്ളത്. ഇപ്പോൾ കെ.എസ്.ഇ.ബി.യിൽ മാത്രമാണ് പത്ത് ആളുകളെ ഈ അടുത്ത സമയത്ത് എടുത്തിരിക്കുന്നുത്. 60 ആളുകളെ 4 വർഷത്തിനുള്ളിൽ എടുക്കേണ്ട സ്ഥാനത്താണ് ഈ എടുക്കൽ നടന്നിരിക്കുന്നത്. സ്പോർട്സ് മന്ത്രി കഴിഞ്ഞ ദിവസം ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിൽ ചില ആളുകളെ എടുക്കുമെന്ന് പറഞ്ഞിരുന്നു. സ്വാഗതാർഹമാണ്. നമ്മുടെ അത്ലറ്റുകൾ മുഴുവൻ കേരളം വിട്ടുപോകുകയാണ്. പി. ടി. ഉഷ, എം.ഡി. വത്സമ്മ, ഷൈനി വിൽസൺ, അഞ്ജു ബോബി, ബോബി അലോഷ്യസ്, മേഴ്സിക്കുട്ടൻ, എൽദോ, രവികുമാർ, മിനി എലിസബത്ത്, ഷിജി കുര്യൻ തുടങ്ങി ഈ നീണ്ട ലിസ്റ്റ് മുഴുവൻ ഞാൻ വായിക്കുന്നില്ല. അതുകൊണ്ട് ഗവൺമെന്റ് ഇക്കാര്യത്തിൽ കായിക രംഗത്ത് വലിയ ഒരു പ്രാധാന്യം നൽകാൻ തയ്യാറാകണം. ആന്ധ്രാപ്രദേശിൽ ഹോഴ്സിന്റെ ലിക്കറിന്റെ ഒരു നിശ്ചിത ശതമാനം ടാക്സ് മാറ്റി വച്ചിരിക്കുകയാണ്. സ്പോർട്സിനുവേണ്ടി ഇപ്പോൾ മറുപടി പറയുന്നത് എക്സൈസ് വകുപ്പുമന്ത്രി ആയതുകൊണ്ട് അദ്ദേഹത്തിന് ഇപ്പോൾ വേണമെങ്കിൽ പ്രഖ്യാപിക്കാൻ കഴിയും. ഹോഴ്സിന്റെ ലിക്കറിന്റെ ഒരു നിശ്ചിത ശതമാനം ടാക്സ് ഞാൻ കായിക രംഗത്തിനുവേണ്ടി മാറ്റി വയ്ക്കുന്നു എന്നു പറഞ്ഞാൽ കേരളം അഭിമാനത്തോടെ അങ്ങയുടെ നാമം ഓർക്കും എന്ന കാര്യത്തിൽ സംശയം ഇല്ല. കേന്ദ്ര ഗവൺമെന്റ് ഇന്നലെ എടുത്തിരിക്കുന്ന തീരുമാനം, സ്പോൺസർ ചെയ്യുന്ന കമ്പനികളെ ഇൻകം ടാക്സിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കി. വിദ്യാഭ്യാസ രംഗത്തു യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള സ്വാശ്രയ കോളേജുകളിൽ ഇപ്പോൾ സ്പോർട്സ് കാട്ട ഇല്ല. പ്രൈവറ്റ് മേഖലകളിൽ എവിടേയും ഇപ്പോൾ സ്പോർട്സ് കാട്ട ഇല്ല. അതുകൊണ്ട് ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

ഇക്കാര്യത്തിൽ വളരെ ഗൗരവമായിട്ടുള്ള സമീപനം സ്വീകരിക്കണം. സ്ക്കൂൾതലം, കോളേജ് തലം, സംസ്ഥാനതലം തുടങ്ങിയിട്ടുള്ള വിവിധ രംഗങ്ങളിലേക്ക് ശ്രദ്ധ പതിപ്പിക്കണം. ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചർമാരായി രണ്ട് പുരുഷൻമാരെയും, രണ്ട് വനിതകളേയും മിനിമം നിയമിക്കാനുള്ള തയ്യാറെടുപ്പുകൾ നടത്തണം. സ്പോർട്സ് നിർബന്ധിത പഠ്യവിഷയമാക്കാനുള്ള ഒരു നയപരമായിട്ടുള്ള തീരുമാനം ഗവൺമെന്റ് സ്വീകരിക്കണം. അതുപോലെ തന്നെ അവർക്ക് കിറ്റുകൾ നൽകണം. പഞ്ചായത്തുകളിൽ കളിസ്ഥലങ്ങൾ ഉണ്ടാക്കാനുള്ള ചില നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നുണ്ട്. അത് സ്വാഗതാർഹമാണ്. എല്ലാ പഞ്ചായത്തുകളിലും ഇത് ഉണ്ടാകും എന്ന് ഉറപ്പുവരുത്തണം. അതുപോലെതന്നെ കെ.എസ്.ഇ.ബി., കെ.എസ്.ആർ.ടി.സി., പി.ഡബ്ലിയു.ഡി., വാട്ടർ അതോറിറ്റി, ടൈറ്റാനിയം, എഫ്.എ.സി.ടി. തുടങ്ങിയിട്ടുള്ള സ്ഥാപനങ്ങളിൽ.....

മി. സ്പീക്കർ: അതിന് സ്ഥാപനങ്ങളിൽ എന്നു പറഞ്ഞാൽ പോരെ, പേരു പറയാണോ.

ശ്രീ. രാജു എബ്രഹാം: സബ്ജക്ട് കമ്മിറ്റി ഇക്കാര്യത്തിൽ മുന്നോട്ടുവച്ചിട്ടുള്ള നിർദ്ദേശങ്ങൾ വളരെ ശക്തമാണ്. ഇതും കൂടി പരിഗണിച്ചുകൊണ്ട് ഇക്കാര്യത്തിൽ ഗൗരവപരമായ സമീപനം സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): ബഹുമാനപ്പെട്ട രാജു എബ്രഹാം വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളത്. സ്പോർട്സിൽ മികച്ച നേട്ടം കൈവരിച്ചിട്ടുള്ള പുരുഷ, വനിതാ കായിക താരങ്ങളിൽ നിന്ന് സംസ്ഥാന സർക്കാർ സർവ്വീസിൽ നിയമനം നടത്തി വരുന്നത് 22-8-1985 മുതൽക്കാണ്. ഉത്തരവിൽ നൽകിയിട്ടുള്ള പദ്ധതി പ്രകാരം ഓരോ വർഷവും ഏറ്റവും ഉയർന്ന നേട്ടം കൈവരിക്കുന്ന 20 പേർക്കാണ് നമ്മൾ സ്പോർട്സ് ക്വാട്ടയിൽ ഓരോ വർഷവും നിയമനം കൊടുക്കുന്നത്. സംസ്ഥാന സർവ്വീസിൽ 16 തസ്തികകളിൽ ഇതുപ്രകാരം നിയമനം കൊടുക്കുന്നുണ്ട് അസിസ്റ്റന്റ് എഞ്ചിനീയർമാർ, സിവിൽ സർജൻ, ജൂനിയർ ലക്ചറർ, ഡ്രാഫ്റ്റ്സ്മാൻ, എൽ.ഡി. ക്ലാർക്ക്, സ്റ്റെനോഗ്രാഫർ, പ്യൂൺ ചൗക്കീദാർ തുടങ്ങി 16 തസ്തികകളിലാണ് കൊടുക്കുന്നത്. ആ തസ്തികകൾ എല്ലായിടത്തുമായി ക്രമീകരിക്കാൻ കഴിഞ്ഞിട്ടില്ല. പബ്ലിക് സർവ്വീസ് കമ്മീഷൻ എഴുത്തു പരീക്ഷ വഴിയും, ഇന്റർവ്യൂ വഴിയും തെരഞ്ഞെടുക്കപ്പെടുന്ന ക്ലാസ്3, ക്ലാസ്4 തസ്തികകളിലേക്കുള്ള ഇന്റർവ്യൂകൾക്കും, എഴുത്തു പരീക്ഷകൾക്കും 4% മുതൽ 30% വരെ അധിക മാർക്ക് കൊടുക്കുന്നതിനും ഇപ്പോൾ വ്യവസ്ഥയുണ്ട്. മികച്ച കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നടത്തുന്ന പദ്ധതിപ്രകാരം പ്രതിവർഷം 20 പേർക്ക് എന്നതോതിൽ 1996 കലണ്ടർ വർഷം വരെ മാത്രമേ നിയമനം നടത്തിയിട്ടുള്ളൂ. അതിനുശേഷം ഇങ്ങോട്ട് നിയമനം നടത്തിയിട്ടില്ല. 100 പേരോളം ബാക്കി നിൽക്കുന്നുണ്ട്. അതിന് പെട്ടെന്നൊരു പരിഹാരമാർഗ്ഗം ഉണ്ടാകാൻവേണ്ടി ഗവൺമെന്റ് തക്കതായ നടപടി സ്വീകരിക്കുന്നതാണ്. 1997 മുതൽ 2001 വരെ സർക്കാർ സർവ്വീസിൽ പ്രതിവർഷം 20 നിയമനം നടത്തും എന്നാണ് പറഞ്ഞിട്ടുള്ളത്. സ്വകാര്യ മേഖലയെ സംബന്ധിച്ചിടത്തോളം അത് അവർ നിശ്ചയിക്കേണ്ടതാണ്. പബ്ലിക് സെക്ടർ കമ്പനികളിൽ മുമ്പ് ഉണ്ടായിരുന്നു. ഇപ്പോൾ പബ്ലിക് സെക്ടർ കമ്പനികളും ഇതിന് വേണ്ടത്ര പ്രധാന്യം കൊടുക്കുന്നില്ല. കേരളാ സ്പോർട്സ്

LIBRARY ARCHIVES Kerala Legislative Assembly

കൗൺസിലിന് 735 ലക്ഷം രൂപയും യുവജന കലാലയത്തിന് 125 ലക്ഷം രൂപയും നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ 2003 ജൂലായിൽ സപ്ലിമെന്ററി ഡിമാന്റ്സിൽ 345 ലക്ഷം രൂപ അധിക കേന്ദ്ര സഹായമായി താഴെ പറയും പ്രകാരം തന്നിട്ടുണ്ട്. തിരുവനന്തപുരം യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിന് സിന്തറ്റിക് ട്രാക്ക് നിർമ്മിക്കുന്നതിന് 100 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കൊച്ചിയിൽ സിന്തറ്റിക് ട്രാക്ക് നിർമ്മിക്കുന്നതിന് 200 ലക്ഷം ഉറുപ്പികയും ആലപ്പുഴയിൽ സ്റ്റേഡിയം നിർമ്മിക്കുന്നതിന് 25 ലക്ഷം ഉറുപ്പികയും കാസർഗോഡ് സ്റ്റേഡിയം നിർമ്മിക്കുന്നതിന് 25 ലക്ഷം ഉറുപ്പികയും കൊടുത്തിട്ടുണ്ട്. ശ്രീ. രാജു എബ്രഹാം പറഞ്ഞ ചിലകാര്യങ്ങൾ പ്രത്യേകം പരിഗണിക്കുന്നതാണ്. പല ഡിപ്പാർട്ടുമെന്റുകളിലും സ്പോർട്സ് രംഗത്തുള്ള ആളുകൾക്ക് പ്രവേശനം കൊടുക്കുന്ന കാര്യത്തെക്കുറിച്ച് ആലോചിക്കുന്നുണ്ട്. എക്സൈസ് ഡിപ്പാർട്ടുമെന്റിൽ കൊടുക്കണമെന്ന് ആലോചിച്ചിട്ടുണ്ട്. കൊടുക്കും. സ്പോർട്സ് രംഗത്ത് കൂടുതൽ പ്രോത്സാഹനം കൊടുക്കാവുന്ന വിധത്തിൽ ഗവൺമെന്റിന്റെ ഭാഗത്തു നിന്ന് തീർച്ചയായിട്ടും ശ്രദ്ധയുണ്ടായിരിക്കുന്നതാണ്.

<u>ശ്രീ. രാജു എബ്രഹാം:</u> സ്പോർട്സ് മന്ത്രി പറഞ്ഞപ്പോൾ ഫോറസ്റ്റിൽ കൊടുക്കുന്ന കാര്യം പറഞ്ഞു. ഇപ്പോൾ ഇദ്ദേഹം എക്സൈസിൽ കൊടുക്കുന്നകാര്യം പറഞ്ഞു. ഓരോ മന്ത്രിമാരും പറഞ്ഞാൽ ഓരോ വകുപ്പിലും ജോലി കൊടുക്കുന്ന കാര്യം ഉറപ്പാകും. കായിക രംഗത്ത് നേരിടുന്ന പരിതാപകരമായ അവസ്ഥ പരിഗണിച്ച് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ വകുപ്പുമന്ത്രിയേയും പ്രതിപക്ഷ നേതാവിനേയും സ്പോർട്സുമായി ബന്ധപ്പെടുന്ന ആളുകളെയും ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിക്കുകയും ആവശ്യമായിട്ടുള്ള നിയമനിർമ്മാണം നടത്തുന്ന കാര്യവും ഗൗരവമായി ആലോചിക്കുമോ?

<u>ശ്രീ. കെ. ശങ്കരനാരായണൻ:</u> ഇപ്പോൾ അതിനെക്കുറിച്ച് ആലോചിക്കുന്നില്ല.

(2) വിള ഇൻഷ്വറൻസ് പദ്ധതി

<u>ശ്രീ. കെ. സി. ജോസഫ്:</u> കേരളത്തിലെ കാർഷിക മേഖലയെ സംബന്ധിക്കുന്ന വിഷയം കഴിഞ്ഞ ദിവസം ചർച്ച ചെയ്യുകുണ്ടായി. ഏറ്റവും വലിയ പ്രയാസം നേരിടുന്ന മേഖലയാണ് കാർഷിക മേഖല ഇതിന് പ്രധാനപ്പെട്ട കാരണം കാർഷിക വിളയുടെ നാശനഷ്ടമാണ്. പ്രകൃതിക്ഷോഭം ഉണ്ടാകുമ്പോൾ വെള്ളപ്പൊക്കമാണെങ്കിലും വരൾച്ചയാണെങ്കിലും കോടിക്കണക്കിനു രൂപയുടെ നഷ്ടങ്ങളാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. സമ്പൂർണ്ണമായ ഇൻഷ്വറൻസ് ഇല്ലാത്ത കേരളത്തിലെ ഏക മേഖല കാർഷിക മേഖലയാണ്. മറ്റേത് മേഖലയിലും ഇൻഷ്വൻസ് കവറേജുണ്ട്. ഒരു വാഹനം വാങ്ങിച്ചാൽ അപകടമുണ്ടായാൽ ആ വാഹനത്തിന് പൈസ ഇപ്പോഴും കിട്ടും. തേർഡ് പാർട്ടി ഇൻഷ്വറൻസ് ഉണ്ട്. ഇന്ന് വിളകൾക്ക് നാശനഷ്ടം ഉണ്ടായാൽ കലാമിറ്റി ഫണ്ടിൽ നിന്ന് ഒരു നാമമാത്രമായ തുക, ആ വിളയുടെ നഷ്ടത്തിന്റെ ഒരു നേരിയ ശതമാനം മാത്രം നൽകുന്നു. ഇത് വലിയ പ്രയാസമുള്ള കാര്യമാണ്. വ്യാപകമായ ഇൻഷ്വറൻസ് കവറേജുള്ള നമ്മുടെ നാട്ടിൽ മറ്റു മേഖലകൾക്കുള്ള ഇൻഷ്വറൻസ് കവറേജും ആനുകൂല്യങ്ങളും കാർഷിക മേഖലയ്ക്കും വരിക്കണം. ഈ കാര്യം സംബന്ധിച്ച് സഭയിൽ പലവട്ടം ചർച്ച നടത്തിയതാണ്. 1990-ൽ തന്നെ എ.പി.സി. ചെയർമാനായി കമ്മിറ്റിയും വച്ചു. കമ്മിറ്റി റിപ്പോർട്ട് ഗവൺമെന്റിന്

LIBRARY ARCHIVES Kerala Legislative Assembly